**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂജലനിരപ്പും കുഴൽകിണർ നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂജലനിരപ്പിന്റെ നിലവിലെ സ്ഥിതി എന്താണ്; ഇതിൽ ഏതെല്ലാം തട്ടുകളെ (ബ്ളോക്ക്) ആണ് കുഴൽ കിണർ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഭൂജലവകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനം എല്ലാ മാസവും ശേഖരിച്ച് പഠന വിധേയമാക്കി വരുന്നു. 2021 ഏപ്രിൽ മാസത്തിലെ (പ്രീ-മൺസൂൺ) ഭൂജലവിതാനം, ദശാബ്ദശരാശരിയുമായി (2011-2020) താരതമ്യം ചെയ്യപ്പോൾ തുറന്ന കിണറുകളിൽ 26% ഉം, കുഴൽ കിണറുകളിൽ 43% വും, 31% ട്യൂബ് വെല്ലുകളിലും ജലവിതാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 50% കിണറുകളിലും ജലവിതാനത്തിലെ കുറവ് 0.5 മീറ്ററിന് താഴെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഭൂജലവകുപ്പും, കേന്ദ്ര ഭൂജലബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലവിഭവ ശേഷി 3 വർഷത്തിലൊരിക്കൽ തിട്ടപ്പെടുത്തി വരുന്നു. ഭൂജല എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഭൂജല ഉപഭോഗ-തോതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളെ അമിത ചൂഷിതം, ഗുരുതരം, അർദ്ധ ഗുരുതരം, സുരക്ഷിതം എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ടി റിപ്പോർട്ട് പ്രകാരം ഒരു തട്ടുകളെയും (ബ്ലോക്കുകളെയും) കുഴൽ കിണർ വിഭാഗത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. നിലവിൽ ജി.ഒ. (പി) നം. 58/2005/ജവിവ തീയതി 19-05-2005 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളായ 1. അതിയന്നൂർ 2. കൊടങ്ങല്ലൂർ 3. ചിറ്റൂർ 4. കോഴിക്കോട് 5.കാസർഗോഡ് എന്നിവിടങ്ങളിൽകുഴൽകിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാ ക്കിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് സംസ്ഥാനത്ത് കുഴൽകിണർ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റ് നിർബന്ധമാണ്. ഇതിന് ഭൂജല വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമാണ്. |
| (ബി) | സ്വകാര്യ വ്യക്തികൾക്കുള്ള കുഴൽ കിണറിനുള്ള | (ബി) | സ്വകാര്യ വ്യക്തികൾക്കുള്ള കുഴൽ കിണറിനുള്ള |

| | | | |
|---|---|---|---|
| | അപേക്ഷയിൽ നിലവിലെ ഫീസ് എന്താണ്; ഇത് കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; വിശദമാക്കമോ; | | അപേക്ഷയിൽ നിലവിലെ ഫീസ് 585/-രൂപയാണ്. ഫീസ് കാലോചിതമായി പരിഷ്കരിക്കാറുണ്ട്. നിലവിൽ മാർച്ച് 2019 ലാണ് അവസാനമായി നിരക്ക് പരിഷ്കരിച്ചത്. |
| (സി) | സർക്കാരിതര ഏജൻസികൾ കുഴൽകിണർ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കുള്ള ലൈസൻസ്, ഇവയുടെ പ്രവർത്തനം എന്നിവ പരിശോധിക്കുന്നതിനും ജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സർക്കാർ ഇതര ഏജൻസികൾ കുഴൽകിണർ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഏജൻസികളും അവരുപയോഗിക്കുന്ന റിഗ്ഗുകളും ഭൂജലവകുപ്പിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇങ്ങനെ രജിസ്റ്റർ ചെയ്ത റിഗ്ഗുകളുടെ പ്രവർത്തനം പരിശോധിക്കാറുണ്ട്. ജനങ്ങളുടെ പരാതികൾ വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും, ഡയറക്ടറുടെ കാര്യാലയത്തിലും സ്വീകരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. ഇതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ